File No.TCPKZD/181/2022-C1

"ഭരണഭാഷ മാതൃഭാഷ"

നമ്പർ.TCPKZD/181/2022-സീ1


തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം,
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),

കോഴിക്കോട്, തീയതി.11/04/2022

ഫോൺ: 0495-2369300
ഇമെയിൽ :tpkzd.lsgdplng@kerala.gov.in


---

**നഗരാസൂത്രക,**
കോഴിക്കോട്.

**ടൗൺപ്ലാനിംഗ് ഓഫീസർ**
**കോഴിക്കോട് നഗരസഭ**

സർ,

വിഷയം: കോഴിക്കോട് നഗരസഭ-പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹ നിർമാണം -ശ്രീ.ഗോപൻ രാജ്. എം എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന :- താങ്കളുടെ 8/2/2022 ലെ E/TP3/1397/2022 നമ്പർ കത്ത്

**കോഴിക്കോട് നഗരസഭ- റവന്യൂ വാർഡ്-34,ഇലക്ടറൽ വാർഡ് -13 , റീസർവേ നമ്പർ** 54/4B,4C,54/5,6-**ൽ** 202.43 ച .മീ സ്ഥലത്ത് തന്നിരിക്കുന്ന പ്ലാൻ പ്രകാരം 2019 ലെ കേരള മുനിസിപ്പൽ/ ബിൽഡിംഗ് റൂളിനു അനുസൃതമായി ശ്രീ.ഗോപൻ രാജ്. എം എന്നവരുടെ അപേക്ഷയിൽ ഒരു വാസഗൃഹ നിർമാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ വിസ്തീർണം , അതിരുകൾ, ഉടമസ്ഥാവകാശം, റീസ നമ്പർ, ഭൂമിയുടെ തരം മുതലായവ സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തേണ്ടതാണ്.
3. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 5(4) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ വാങ്ങേണ്ടതാണ് .
4. സ്ഥലത്തെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്താൻ പാടുള്ളതല്ല.

File No.TCPKZD/181/2022-C1

**നോട്ട്:-** *ഈ ഉത്തരവ് മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം 2035 ഭേദഗതി 12(C) പ്രകാരം* ***പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹം*** *നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ്.*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

Signature valid

വിശ്വസ്തതയോടെ,

Digitally signed by ISHA P A
Date: 2022.04.11 12:44:39
IST
Reason: Approved
Location: PALAKKAD

**ഗരാസൂത്രക, കോഴിക്കോട്.**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്

DESPATCHED
Date. 13/04/2022